പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2841

13-03-2018-ലെ

മറുപടിയ്ക്ക്

## സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ ലഭ്യമാക്കി കർഷകരെ സഹായിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) വിലത്തകർച്ച, രോഗബാധ, വരൾച്ച ഉൾപ്പെടെ കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ജീവിത നിലവാരം ഉയർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉല്പാദിപ്പിക്കപ്പെടുന്ന വിളയ്ക്ക് ന്യായമായ വില കർഷകന് ലഭിക്കുന്നതിനായി അഗ്രോ ബസാറുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ തുടങ്ങിയവ സർക്കാർ പ്രോത്സാഹിപ്പിച്ചു വരികയാണ്. കൂടാതെ, വിലതകർച്ച നേരിടുന്നതിനായി നെല്ല്, തെങ്ങ്, കൊപ്ര എന്നിവയ്ക്ക് താങ്ങ് വില നിശ്ചയിച്ച് സംഭരിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിളകൾക്ക് രോഗകീടബാധ വ്യാപിക്കുന്ന അവസരത്തിൽ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുള്ള ദ്രുതകർമ്മ വിദഗ്ദ സംഘം, പ്രസ്തുത സ്ഥലങ്ങൾ സന്ദർശിക്കുകയും, അവശ്യം വേണ്ട പ്രതിരോധ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. പത്തനംതിട്ട ജില്ലയിലെ കോന്നി, തിരുവല്ല; തിരുവനന്തപുരത്തെ ആറ്റിപ്ര; കാസർഗോട്ടെ പരപ്പ്; കോട്ടയത്തെ കടുത്തുരുത്തി മേഖലകളിൽ ഇത്തരത്തിൽ ഈ വർഷം പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വരൾച്ച ബാധിച്ച പ്രദേശങ്ങളിൽ വീണ്ടും വിള ഇറക്കുന്നതിന് വിത്തും നടീൽ വസ്തുക്കളും നൽകുക, ഇൻഷർ ചെയ്തിട്ടുള്ള കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം അനുവദിക്കുക, ഇൻഷ്വർ ചെയ്യപ്പെട്ടിട്ടില്ലാത്ത വിളകൾക്ക്, പ്രകൃതി ദുരിതാശ്വാസ ഫണ്ടിൽ നിന്നുമുള്ള ആനുകൂല്യം എന്നീ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

**(ബി)** ഉദാരമായ കാർഷിക വായ്പ, ഉല്പാദന ബോണസ്, വിള ഇൻഷ്വറൻസ്, സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ എന്നിവ സ്ഥിരമായി ലഭ്യമാക്കി കർഷകരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

**(ബി)** കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി പൊതുമേഖല/സഹകരണ ബാങ്കുകൾ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കേരളത്തിലെ കർഷകർക്ക് മിതമായ നിരക്കിൽ കാർഷിക വായ്പകൾ ലഭ്യമാക്കുന്നതിന് കേരള ഗ്രാമീൺ ബാങ്ക് മുഖേന ഹരിത കാർഡ് എന്ന പേരിൽ ഒരു മുൻഗണനാ കാർഡ് (പ്രിവിലേജ് കാർഡ്) ലഭ്യമാക്കി വരുന്നു.

കാർഷിക വിളകൾക്കുള്ള ഹ്രസ്വകാല വായ്പകൾ കേന്ദ്ര സർക്കാർ നൽകുന്ന പലിശ സബ് വെൻഷൻ വഴി 7% ൽ ലഭിക്കുകയും ഇതിൽ തന്നെ കൃത്യമായി തിരിച്ചടയ്ക്കുന്ന ഹ്രസ്വകാല വായ്പയ്ക്ക് പലിശ സബ്സിഡിയിലൂടെ 4% മാത്രം ഈടാക്കുകയും ചെയ്യുന്നു.

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന നെൽ കർഷകർക്ക് 2011 മുതൽ സഹകരണ വകുപ്പ് മുഖേന പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

ഉല്പാദന ബോണസ്, വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെയുള്ള പരിരക്ഷ, പ്രകൃതിക്ഷോഭമുണ്ടാകുമ്പോഴുള്ള സൗജന്യ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിതരണം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെയും സൗജന്യ നിരക്കിൽ നടീൽ വസ്തുക്കൾ നൽകി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**